# ലാവ്‌ലിൻ: നിയമത്തിന്റെ വഴി തടയുന്നതെന്തിന്?

**പ്രമാദമായ** ലാവ്‌ലിൻ കേസിൽ മുൻ വൈദ്യുതിമന്ത്രി പിണറായി വിജയനെ പ്രോസിക്യൂട്ട് ചെയ്യാൻ അനുമതി നൽകേണ്ടതില്ല എന്ന അഡ്വ. ജനറലിന്റെ നിയമോപദേശം സംസ്ഥാന സർക്കാർ സ്വീകരിക്കുകയും ഗവർണർക്ക് കൈമാറുകയും ചെയ്തിരിക്കുന്നു. സർക്കാറിന്റെ നടപടിയിൽ പ്രതിഷേധിച്ച് പ്രതിപക്ഷം ആഹ്വാനം ചെയ്ത ഹർത്താൽ എന്ന കേരള ബന്ദ് ഇതെഴുതുമ്പോൾ ജനങ്ങൾ മുറക്ക് കൊണ്ടാടുകയാണ്.

കേരളത്തിന്റെ പ്രധാന വൈദ്യുതി സ്രോതസ്സുകളായ പള്ളിവാസൽ-ചെങ്കുളം-പന്നിയാർ പദ്ധതികളുടെ വിപുലീകരണാർഥം 1996 ഫെബ്രുവരിയിൽ അന്നത്തെ എൽ.ഡി.എഫ് സർക്കാർ ലാവ്‌ലിൻ എന്ന കനേഡിയൻ കമ്പനിയുമായി കൺസൾട്ടൻസി കരാറുണ്ടാക്കിയിരുന്നു. '96 സെപ്റ്റംബറിൽ സർക്കാർ നിയോഗിച്ച ബാലാനന്ദൻ കമ്മിറ്റി, ലാവ്‌ലിന്റെ സഹായത്തോടെയുള്ള ചെലവേറിയ വിപുലീകരണം ആവശ്യമില്ലെന്നും ഇന്ത്യയിലെ പൊതുമേഖലാ സ്ഥാപനങ്ങളുടെ സഹായത്തോടെ ചുരുങ്ങിയ ചെലവിൽ വികസനം നടത്താവുന്നതാണെന്നും നിർദേശിക്കുന്ന റിപ്പോർട്ട് 1997 ഫെബ്രുവരി 2ന് സർക്കാറിനു സമർപ്പിച്ചു. പക്ഷേ അതേ മാസം 10ന് കൺസൾട്ടൻസി കരാറിനൊപ്പം സപ്ലൈ കരാറുകൂടി ഉൾപ്പെടുത്തി വൈദ്യുതി ബോർഡ് ലാവ്‌ലിനുമായി കരാർ ഒപ്പിട്ടു. ബോർഡ് ചെയർമാനായിരുന്ന രാജഗോപാലാണ് ഒപ്പുവെച്ചതെങ്കിലും അന്നത്തെ വൈദ്യുതിമന്ത്രി പിണറായി വിജയനായിരുന്നു. 2003 ഫെബ്രുവരിയിൽ ലാവ്‌ലിൻ കമ്പനി അവരുടെ പണി പൂർത്തിയാക്കി. ലാവ്‌ലിൻ ഇടപാടിൽ കേരളത്തിന് 374.5 കോടി രൂപ നഷ്ടപ്പെട്ടതായി കൺട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ചൂണ്ടിക്കാട്ടി. അതേക്കുറിച്ച് അന്വേഷിക്കാൻ സർക്കാർ വിജിലൻസിനോടാവശ്യപ്പെട്ടു. ഇടപാടിൽ കൃത്യവിലോപം നടന്നിട്ടുണ്ടെന്ന് വിജിലൻസും കണ്ടെത്തി. സഖാവ് പിണറായി വിജയനെതിരെ ആരോപണങ്ങളുയർന്നു. തന്റെ നിരപരാധിത്വം തെളിയിക്കാൻ ഏതുതരം അന്വേഷണവും നേരിടാൻ തയാറാണെന്നായിരുന്നു ആദ്യഘട്ടത്തിൽ അദ്ദേഹത്തിന്റെയും പാർട്ടിയുടെയും നിലപാട്. ലാവ്‌ലിൻ കേസിൽ സി.ബി.ഐ അന്വേഷണം ആവശ്യപ്പെട്ടുകൊണ്ട് ചില സ്വകാര്യ വ്യക്തികൾ കോടതിയെ സമീപിച്ചപ്പോൾ സി.ബി.ഐ അന്വേഷണത്തിന് വിയോജിപ്പില്ലെന്ന് ഇടതുപക്ഷ സർക്കാറും അറിയിച്ചു. പക്ഷേ, കോടതി സി.ബി.ഐ അന്വേഷണത്തിന് ഉത്തരവിട്ടപ്പോൾ പാർട്ടിയും സർക്കാറും മലക്കം മറിഞ്ഞു. ഉത്തരവ് പുനഃപരിശോധിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് സർക്കാർ കോടതിയെ സമീപിച്ചു. തങ്ങളുടെ നിലപാട് കോടതിയിൽ സമർഥിക്കുന്നതിനായി, സംസ്ഥാന ഖജനാവിൽനിന്ന് 15 ലക്ഷം ചെലവിട്ട് ദൽഹിയിൽനിന്ന് പ്രത്യേകം അഭിഭാഷകരെ വരുത്തി. പക്ഷേ കോടതി അതിന്റെ മുൻ നിലപാടിൽ ഉറച്ചുനിൽക്കുകയായിരുന്നു. ഇതനുസരിച്ച് അന്വേഷണം ആരംഭിച്ച സി.ബി.ഐ കോടതിയിൽ സമർപ്പിച്ച കുറ്റപത്രത്തിൽ 9-ാം പ്രതിയാണ് പിണറായി വിജയൻ. 9-ാം പ്രതിയെ വിചാരണ ചെയ്യാൻ ക്രിമിനൽ നടപടി നിയമത്തിലെ 197-ാം വകുപ്പിൽ പറയുന്ന മുൻകൂർ അനുമതി വേണോ എന്നാണ് ഹൈക്കോടതി സംസ്ഥാന സർക്കാറിനോടാരാഞ്ഞത്. അതിനുള്ള മറുപടിയായി ഗവൺമെന്റിനു വേണ്ടി എ.ജി തയാറാക്കിയത് ഏതാണ്ടൊരു വിധിപ്രഖ്യാപനമായി. പിണറായി വിജയൻ യാതൊരു തെറ്റും ചെയ്തിട്ടില്ല; അതുകൊണ്ട് വിചാരണ വേണ്ട!

ലാവ്‌ലിൻ കേസിൽ പിണറായി വിജയൻ കുറ്റവാളിയാണോ അല്ലേ എന്നു തീരുമാനിക്കേണ്ടത് കോടതിയാണ്. എ.ജിയോ ഗവർണറോ അല്ല. കോടതിക്ക് സത്യം കണ്ടെത്താനുള്ള ഉപാധികൾ ഒരുക്കിക്കൊടുക്കുകയാണ് സംസ്ഥാനത്തിന്റെ താൽപര്യങ്ങളോട് പ്രതിബദ്ധതയുള്ള സർക്കാർ ചെയ്യേണ്ടത്. പക്ഷേ സർക്കാർ പെരുമാറുന്നത് സംസ്ഥാനത്തിന്റെ താൽപര്യം സംരക്ഷിക്കുകയല്ല, എന്തുവിലകൊടുത്തും ഇപ്പോൾ പാർട്ടി സെക്രട്ടറിയായ മുൻ മന്ത്രിയെ രക്ഷിക്കുകയാണ് തങ്ങളുടെ കടമ എന്ന മട്ടിലാണ്. മൻമോഹൻ സർക്കാറിനു പിന്തുണ പിൻവലിച്ച ഇടതുപക്ഷത്തോട്, കേന്ദ്രം സി.ബി.ഐയെ സ്വാധീനിച്ച് പകപോക്കുകയാണ് പിണറായിയെ പ്രതിചേർത്തതിലൂടെ എന്നാണ് സി.പി.എമ്മിന്റെയും സർക്കാറിന്റെയും ഭാഷ്യം. മുഖ്യമന്ത്രി ഈ ഭാഷ്യത്തോട് പൂർണമായി യോജിക്കുന്നില്ലെങ്കിലും അദ്ദേഹം നിസ്സഹായനാണ്. സർക്കാറുകൾ അവയുടെ കീഴിലുള്ള അന്വേഷണ ഏജൻസികളെ സ്വാധീനിക്കുക അപൂർവമല്ല. ജഗദീഷ് ടൈറ്റ്‌ലറെ സിക്ക് കൂട്ടക്കൊലയിലും ഒട്ടോവിയോ ക്വത്രോച്ചിയെ ബോഫോഴ്സ് അഴിമതിയിലും കുറ്റവിമുക്തരാക്കിക്കൊണ്ട് ഈയിടെ വന്ന വാർത്തകൾ അതാണ് സൂചിപ്പിക്കുന്നത്. അതുകൊണ്ട് സി.പി.എമ്മിന്റെ വാദത്തിൽ സത്യമുണ്ടാവാം. ഉണ്ടെങ്കിൽ നിയമത്തിന്റെ വഴിയിലൂടെയാണ്, നിയമത്തിന്റെ വഴിയടച്ചുകൊണ്ടല്ല അത് തെളിയിക്കേണ്ടത്.

സി.പി.എമ്മും ഗവൺമെന്റും എന്തൊക്കെ പറഞ്ഞാലും ലാവ്‌ലിൻ ഇടപാടിൽ പിണറായി വിജയൻ വിശദീകരണം നൽകേണ്ട കുറേ പ്രശ്നങ്ങളുണ്ട്. കമ്യൂണിസ്റ്റ് നേതാവായിരുന്ന ബാലാനന്ദന്റെ അധ്യക്ഷതയിലുള്ള കമ്മിറ്റി ലാവ്‌ലിനുമായുള്ള ഇടപാട് ആവശ്യമില്ലെന്ന് നിർദേശിച്ചത് എന്തുകൊണ്ട് അവഗണിക്കപ്പെട്ടു? മുൻ മന്ത്രി പിണറായി ഉദ്യോഗസ്ഥ സമേതം കാനഡയിൽ വിപുലമായ പര്യടനം നടത്തിയ ശേഷമാണ് ഈ കരാർ ഉണ്ടാക്കിയത്. ലാവ്‌ലിൻ കരാർ ഒപ്പിട്ടത് സംബന്ധിച്ച് വൈദ്യുതി ബോർഡ് മന്ത്രിസഭക്ക് നൽകിയ കുറിപ്പിൽ, കൺസൾട്ടൻസി കരാറിനോടൊപ്പം സപ്ലൈ കരാറുകൂടി ഉൾപ്പെടുത്തിയ കാര്യം മറച്ചുവെച്ചതെന്തിന്? ഈ കുറിപ്പ് വൈദ്യുതി മന്ത്രി പിണറായി വിജയൻ ഒപ്പിട്ട ശേഷമാണ് മന്ത്രിസഭാ യോഗത്തിലെത്തുന്നതെന്നോർക്കണം. നടപടിക്രമങ്ങൾ പാലിക്കാതെയാണ് ഈ കരാറിൽ ഏർപ്പെട്ടതെന്ന് ധനകാര്യ സെക്രട്ടറി ഫയലിൽ രേഖപ്പെടുത്തിയ കാര്യവും പ്രസ്താവ്യമാണ്. ലാവ്‌ലിൻ കമ്പനി മലബാർ ക്യാൻസർ സെന്ററിന് 98 കോടി രൂപ സഹായം നൽകുമെന്ന് കരാറിൽ പറഞ്ഞിരുന്നു. അതു സംബന്ധിച്ച വ്യവസ്ഥകൾ ഭദ്രമല്ലാത്തതിനാൽ 8 കോടി മാത്രമേ ലഭിച്ചുള്ളൂ. പദ്ധതി കൊണ്ട് വൈദ്യുതി ഉൽപാദനത്തിൽ ഉദ്ദേശിച്ചത്ര വർധനവ് ഉണ്ടായില്ല എന്ന വിമർശനവും നിസ്സാരമല്ല. പിണറായി വിജയൻ വൈദ്യുതി മന്ത്രിയായിരിക്കുമ്പോൾ ഉണ്ടാക്കിയ ലാവ്‌ലിൻ കരാറിലൂടെ സംസ്ഥാനത്തിന്റെ ശതകോടികൾ മറ്റേതോ കൈകളിലേക്ക് ഒഴുകിപ്പോയി എന്ന് ജനങ്ങൾ സംശയിക്കുന്നു. അതേപ്പറ്റി അദ്ദേഹത്തോട് അന്വേഷിക്കാനേ പാടില്ല എന്ന ശാഠ്യം ആ സംശയത്തെ ബലപ്പെടുത്തുക മാത്രമേ ചെയ്യുകയുള്ളൂ. ■